പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 20

# 2026-ലെ കേരള സംസ്ഥാന രോഗീ അവകാശ സംരക്ഷണ ബിൽ

(ശ്രീമതി കെ. കെ. രമ എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരളനിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 20

# 2026-ലെ കേരള സംസ്ഥാന രോഗീ അവകാശ സംരക്ഷണ ബിൽ

(ശ്രീമതി കെ. കെ. രമ എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 20

# 2026-ലെ കേരള സംസ്ഥാന രോഗീ അവകാശ സംരക്ഷണ ബിൽ

(ശ്രീമതി കെ. കെ. രമ, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സ്വകാര്യ ആശുപത്രികളിലെ അമിത ലാഭേച്ഛ മൂലമുള്ള തെറ്റായ ചികിത്സാ രീതികളും ചികിത്സാ രേഖകൾ നൽകാൻ വിസമ്മതിക്കുക, മൃതദേഹങ്ങളോട് അനാദരവ് കാട്ടുക, അനാവശ്യ പരിശോധനകൾ അടിച്ചേൽപ്പിക്കുക തുടങ്ങിയ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനും കേരളത്തിലെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, ചികിത്സാ നടപടികളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും, രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു 'പേഷ്യന്റ് ചാർട്ടർ' നടപ്പിലാക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സ്വകാര്യ ആശുപത്രികളിലെ അമിത ലാഭേച്ഛ മൂലമുള്ള തെറ്റായ ചികിത്സാ രീതികളും ചികിത്സാ രേഖകൾ നൽകാൻ വിസമ്മതിക്കുക, മൃതദേഹങ്ങളോട് അനാദരവ് കാട്ടുക, അനാവശ്യ പരിശോധനകൾ അടിച്ചേൽപ്പിക്കുക തുടങ്ങിയ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനും കേരളത്തിലെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, ചികിത്സാ നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു 'പേഷ്യന്റ് ചാർട്ടർ' നടപ്പിലാക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1416/2026.

## അദ്ധ്യായം I

## പ്രാരംഭം

1. <u>ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.</u>—(1) ഈ ആക്റ്റിന് 2026-ലെ കേരള സംസ്ഥാന രോഗീ അവകാശ സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം

(2) ഇത് സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കും

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിവരങ്ങൾ" എന്നാൽ രോഗാവസ്ഥ, ചികിത്സാ രീതി, വരാവുന്ന ചിലവുകൾ, രോഗനിർണയ വിവരങ്ങൾ എന്നിവയെക്കുറിച്ച് ലളിതമായ ഭാഷയിൽ രോഗിക്കോ ബന്ധുക്കൾക്കോ നൽകേണ്ട വിവരങ്ങൾ എന്നർത്ഥമാകുന്നു;

(ബി) "രേഖകൾ" എന്നാൽ ഡിസ്ചാർജ് സമയത്തോ രണ്ടാം അഭിപ്രായം തേടേണ്ട സാഹചര്യത്തിലോ രോഗി ആവശ്യപ്പെടുന്ന സാഹചര്യത്തിലോ രോഗിക്ക് നൽകേണ്ട ചികിത്സാ സംബന്ധമായ എല്ലാ രേഖകളുടെയും എന്നർത്ഥമാകുന്നു;

(സി) "രണ്ടാം അഭിപ്രായം (Second Opinion)" എന്നാൽ ചികിത്സയുടെ ആരംഭത്തിലോ ചികിത്സയുടെ ഏതെങ്കിലും ഘട്ടങ്ങളിലോ മറ്റൊരു ഡോക്ടറുടെ അഭിപ്രായം തേടുന്നതിന് രോഗിക്കോ അടുത്ത ബന്ധുക്കൾക്കോ ഉള്ള അവകാശം എന്നർത്ഥമാകുന്നു;

(ഡി) "പരാതി പരിഹാര അതോറിറ്റി" എന്നാൽ, ഈ ആക്റ്റിലെ പത്താം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന അതോറിറ്റി എന്നർത്ഥമാകുന്നു;

(ഇ) "അടിയന്തര സാഹചര്യം" എന്നാൽ അപകടങ്ങൾ മൂലമോ ഹൃദ്രോഗം പോലുള്ള പെട്ടെന്നുണ്ടാകുന്ന രോഗാവസ്ഥ മൂലമോ അന്യ വസ്തുക്കൾ ശരീരത്തിൽ പ്രവേശിച്ചുണ്ടാകുന്ന രോഗാവസ്ഥ മൂലമോ ഉണ്ടാകുന്ന അടിയന്തര സാഹചര്യം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന എന്നർത്ഥമാകുന്നു.

## അദ്ധ്യായം-II

## രോഗികളുടെ മൗലിക അവകാശങ്ങൾ

ഈ നിയമപ്രകാരം ഓരോ രോഗിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

3. വിവരങ്ങൾ അറിയാനുള്ള അവകാശം.—രോഗാവസ്ഥ, ചികിത്സാ രീതി, വരാവുന്ന ചെലവുകൾ, ചികിത്സയുടെ പാർശ്വഫലങ്ങൾ, രോഗനിർണയ വിവരങ്ങൾ എന്നിവയെക്കുറിച്ച് ലളിതമായ ഭാഷയിൽ അറിയുന്നതിന് ഒരു രോഗിക്കോ രോഗിയുടെ കൂട്ടിരുപ്പുകാർക്കോ അടുത്ത ബന്ധുക്കൾക്കോ അവകാശം ഉണ്ടായിരിക്കുന്നതാണ്.

4. വിവേചനമില്ലാത്ത ചികിത്സ.—സംസ്ഥാനത്തെ ഏതൊരു ചികിത്സാലയത്തിലും ചികിത്സയ്ക്കായി എത്തുന്ന ഒരു രോഗിക്ക് ജാതി, മതം, രാഷ്ട്രീയം, സാമ്പത്തിക നില എന്നിവയുടെ അടിസ്ഥാനത്തിലോ മറ്റേതെങ്കിലും തരത്തിലോ യാതൊരുവിധ വിവേചനവും കൂടാതെയുള്ള ചികിത്സയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. സ്വകാര്യതയും അന്തസ്സും.—ചികിത്സാ വേളയിൽ രോഗിക്ക് തന്റെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കപ്പെടുന്നതിനും ലിംഗസമത്വം മാനിക്കപ്പെടുന്നതിനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

6. സുതാര്യമായ നിരക്കുകൾ.—എല്ലാ ആശുപത്രികളും അവരുടെ സേവന നിരക്കുകളും മറ്റു ഫീസ് നിരക്കുകളും (Registration, Consultation, Lab Charges, Room rent, etc.) പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

7. ചികിത്സ നിഷേധിക്കൽ.—അടിയന്തര സാഹചര്യങ്ങളിൽ പണമടച്ചില്ല എന്ന കാരണത്താൽ യാതൊരാൾക്കും യാതൊരു ചികിത്സാ സ്ഥാപനവും ചികിത്സ നിഷേധിക്കാൻ പാടുള്ളതല്ല.

8. രോഗീ അവകാശ ചാർട്ടർ.—സർക്കാർ ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രോഗീ അവകാശ ചാർട്ടർ പ്രസിദ്ധീകരിക്കേണ്ടതും എല്ലാ ചികിത്സാലയങ്ങൾക്കു മുന്നിലും വ്യക്തമായി കാണാൻ കഴിയുന്ന വിധം രോഗീ അവകാശ ചാർട്ടർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

9. മൃതദേഹം വിട്ടുനൽകാതിരിക്കൽ.—യാതൊരു ചികിത്സാലയവും ബില്ല് അടയ്ക്കാത്തതിന്റെ പേരിലോ രോഗിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉള്ള ഏതെങ്കിലും ഈടാക്കലുകളുടെ പേരിലോ ഒരാളിന്റെ മൃതദേഹം വിട്ടുനൽകാതിരിക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

അദ്ധ്യായം III

## പരാതി പരിഹാര സംവിധാനം

10. രോഗീ അവകാശ സംരക്ഷണ അതോറിറ്റി.—സർക്കാർ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുശേഷം എത്രയും വേഗം രോഗികളുടെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതല രോഗീ അവകാശ സംരക്ഷണ അതോറിറ്റികൾ രൂപീകരിക്കേണ്ടതാണ്.

11. അതോറിറ്റിയിലെ അംഗങ്ങൾ.—ഓരോ ജില്ലാ അതോറിറ്റിയിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) ചെയർപേഴ്സൺ: വിരമിച്ച ഒരു ജില്ലാ ജഡ്ജി അല്ലെങ്കിൽ അഡീഷണൽ ജില്ലാ ജഡ്ജി;

(ബി) മെഡിക്കൽ മെമ്പർ: ആരോഗ്യ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ കുറയാത്ത തസ്തികയിൽ വിരമിച്ച ഒരു ജനറൽ മെഡിസിൻ വിഭാഗം ഡോക്ടർ;

(സി) ആയുഷ് മെമ്പർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻസിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ കുറയാത്ത തസ്തികയിൽ വിരമിച്ച ഒരു ഡോക്ടർ;

(ഡി) സോഷ്യൽ വർക്കർ: ആരോഗ്യ/സാമൂഹിക സേവന രംഗത്ത് കുറഞ്ഞത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള ഒരു വനിതാ പ്രതിനിധി;

(ഇ) ലീഗൽ മെമ്പർ: മെഡിക്കൽ നിയമങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ഒരു അഭിഭാഷകൻ;

(എഫ്) എക്സ്-ഒഫീഷ്യോ മെമ്പർ: അതത് ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർ;

(ജി) എക്സ്-ഒഫീഷ്യോ മെമ്പർ: അതത് ജില്ലയിലെ ജില്ലാ പോലീസ് മോധാവി;

(എച്ച്) എക്സ്-ഒഫീഷ്യോ മെമ്പർ: അതത് ജില്ലയിലെ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വിഭാഗത്തിലെ ജില്ലാ മെഡിക്കൽ ഓഫീസർ.

അദ്ധ്യായം IV

## രോഗീ അവകാശ സംരക്ഷണ അതോറിറ്റിയുടെ സേവന വ്യവസ്ഥകളും ചുമതലകളും അധികാരങ്ങളും

12. അതോറിറ്റിയുടെ ചുമതലകൾ.—(1) ചികിത്സാ പിഴവുകൾ, അമിത നിരക്ക് ഈടാക്കൽ എന്നിവ സംബന്ധിച്ച് രോഗികളിൽ നിന്ന് പരാതികൾ സ്വീകരിക്കുക.

(2) അതോറിറ്റിക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുക.

(3) അനുരഞ്ജന ചർച്ചകൾ: രോഗിയും ആശുപത്രി അധികൃതരും തമ്മിലുള്ള തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കുക.

(4) ചികിത്സാ പിഴവോ അമിത നിരക്കോ ബോധ്യപ്പെട്ടാൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നഷ്ടപരിഹാരം നിശ്ചയിക്കുക.

(5) ആശുപത്രികൾ രോഗീ അവകാശ ചാർട്ടറും ചികിത്സാ നിരക്കുകളും പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മിന്നൽ പരിശോധനകൾ നടത്തുക.

(6) അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുക.

13. <u>അന്വേഷണ അധികാരം.</u>—ആശുപത്രികൾക്കെതിരെയുള്ള പരാതികളിൽ രേഖകൾ പിടിച്ചെടുക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കും.

14. <u>ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.</u>—(1) ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ഭരണകാലാവധി ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷകാലത്തേക്കായിരിക്കും

(2) അതോറിറ്റി അംഗങ്ങൾക്ക് 67 വയസ്സ് പൂർത്തിയായിരിക്കുവാൻ പാടുള്ളതല്ല.

(3) കാലാവധി പൂർത്തിയാക്കിയ അംഗങ്ങളിൽ മികച്ച സേവനം കാഴ്ച വയ്ക്കുന്നു എന്ന് സർക്കാരിന് ബോധ്യപ്പെടുന്ന മറ്റു തരത്തിൽ യോഗ്യതകളുള്ള അത്തരം അംഗങ്ങൾക്ക് ഒരു തവണ കൂടി പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ഇപ്രകാരം പുനർ നിയമനം നേടുന്ന അംഗങ്ങൾ വീണ്ടും പുനർ നിയമനം നേടുന്നതിന് അർഹരായിരിക്കുന്നതല്ല.

(4) ചെയർപേഴ്സണിനോ അംഗത്തിനോ സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിനൽകിയ ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(5) രാജി, മരണം, നീക്കം ചെയ്യൽ അല്ലെങ്കിൽ അതുപോലെയുള്ള മറ്റേതെങ്കിലും കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് ഉണ്ടാകുന്ന പക്ഷം സർക്കാർ അവ നികത്തുവാനുള്ള നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ നിയമിക്കപ്പെടുന്നത് അയാളുടെ അവശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(6) ഗുരുതരമായ പെരുമാറ്റദൂഷ്യം, അഴിമതി അല്ലെങ്കിൽ ചുമതലകൾ നിർവഹിക്കുന്നതിലെ പരാജയം എന്നിവ തെളിവുകൾ സഹിതം ബോധ്യപ്പെടുന്ന പക്ഷം അംഗങ്ങളെ കാലാവധിക്കു മുൻപ് നീക്കം ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

15. <u>റിപ്പോർട്ടിംഗ്</u>.—ജില്ലാ അതോറിറ്റികൾ ഓരോ മൂന്ന് മാസം കൂടുമ്പോഴും തങ്ങൾക്ക് ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ കേസുകളുടെയും റിപ്പോർട്ട് സംസ്ഥാന സർക്കാരിനും നിയമസഭയ്ക്കും സമർപ്പിക്കേണ്ടതാണ്.

16. <u>ശിക്ഷാ നടപടികൾ</u>.—ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ആശുപത്രികൾക്ക് കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന പ്രകാരമുള്ള പിഴ ചുമത്തുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം ചികിത്സാ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

17. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ, ഉത്തരവ് വഴി, അത്തരം വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവുകൾ സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

18. <u>ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ

അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ ആരോഗ്യരംഗം മികച്ചതാണെങ്കിലും, സ്വകാര്യ ആശുപത്രികളിലെ അമിത ലാഭേച്ഛയും സർക്കാർ ആശുപത്രികളിലെ തിരക്കും മൂലം രോഗികളുടെ മൗലികാവകാശങ്ങൾ പലപ്പോഴും ലംഘിക്കപ്പെടുന്നു. ചികിത്സാ രേഖകൾ നൽകാൻ വിസമ്മതിക്കുക, മൃതദേഹങ്ങളോട് അനാദരവ് കാട്ടുക, അനാവശ്യ പരിശോധനകൾ അടിച്ചേൽപ്പിക്കുക തുടങ്ങിയ പരാതികൾ വ്യാപകമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു 'പേഷ്യന്റ് ചാർട്ടർ' നിയമപരമായി നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒരു പരാതി പരിഹാര സംവിധാനം കേവലം പേരിന് മാത്രമാകാതെ, അത് ഭരണഘടനാപരമായ കരുത്തോടെ പ്രവർത്തിക്കണമെങ്കിൽ കൃത്യമായ ഘടനയും കാലാവധിയും ആവശ്യമാണ്. ജുഡീഷ്യൽ പശ്ചാത്തലമുള്ള വ്യക്തികൾ അതോറിറ്റിയുടെ തലപ്പത്ത് വരുന്നത് നീതിനിർവ്വഹണം സുതാര്യമാക്കും. ആയതിനാലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പരാതി പരിഹാര അതോറിറ്റികളുടെ രൂപീകരണത്തിനും ഉദ്യോഗസ്ഥരുടെ നിയമനത്തിനുമായി സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തന-ആവർത്തനേതര ചിലവുകൾ പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 18-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കെ. കെ. രമ, എം എൽ. എ.